**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1279** **03/10/2016-ൽ മറുപടിക്ക്**

# കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ

**ചോദ്യം** **മറുപടി**

**ശ്രീ.ബി.ഡി.ദേവസ്സി** **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്നും ഇതിന്റെ ഭാഗമായി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്നും അറിയിക്കാമോ; | (എ) | കൊരട്ടി ഇൻഫോപാർക്കിലെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി 3.3 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ ഒരു ഐ ടി മന്ദിരത്തിന്റെ പണി പൂർത്തിയാക്കി, 2016 ജനുവരി 21-ാം, തീയ്യതി ഉത്ഘാടനം ചെയ്യുകയുണ്ടായി. ഇതിന്റെ ഗ്രൗണ്ട് ഫ്ലോറിലെ ഇന്റീരിയർ പ്രവർത്തികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പുതിയ ഐ ടി മന്ദിരത്തിലേക്ക് വേണ്ട വൈദ്യുതി, ജലവിതരണം, ആഭ്യന്തര റോഡുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ചാലക്കുടി പുഴയിൽ നിന്നും ഐ ടി പാർക്കിലേക്കായി ജലം ലഭ്യമാക്കുന്നതിനാവശ്യമായ പൈപ്പ് ലൈൻ, ജലശുദ്ധീകരണശാല, ഓവർ ഹെഡ് ടാങ്ക് എന്നിവയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. |
| (ബി) | പുതിയ കെട്ടിട സമുച്ചയത്തിൽ പുതുതായി എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; | (ബി) | പുതിയ കെട്ടിടത്തിൽ ഇതിനോടകം തന്നെ മൂന്ന് ഐ ടി കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു രണ്ടു കമ്പനികൾക്ക്കൂടി സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | കൂടുതൽ ഐ.ടി. കമ്പനികൾ കൊരട്ടി ഇൻഫോ പാർക്കിൽ പ്രവർത്തനം ആരംഭിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | സി) | ഐ ടി സ്പേസിന്റെ വർദ്ധിച്ചു വരുന്ന ആവശ്യകത പരിഗണിച്ച് ഒന്നാമത്തെ നില കൂടി ഇന്റീരിയർ ഫിറ്റ് ഔട്ട് ചെയ്ത് പ്ലഗ് ആൻഡ് പ്ലേ മാതൃകയിൽ ആറു മാസത്തിനകം പ്രവർത്തന സജ്ജമാക്കുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഈ നില പ്രവർത്തന യോഗ്യമാകുന്നതോടെ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കുന്നതാണ്. |

Indu S.S

**സെക്ഷൻ ഓഫീസർ**